# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3023 18.06.2019-ൽ മറുപടിക്ക്

### മലബാർ മേഖലയിൽ കൂടുതൽ പ്ലസ് വൺ സീറ്റുകൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.എ.പി. അനിൽ കുമാർ** | **പ്രൊഫ.സി.രവീന്ദ്രനാഥ്**<br>**(പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി)** |
| (എ) മലബാർ മേഖലയിൽ പ്ലസ് വൺ സീറ്റുകൾ കുറവായത് മൂലം വിദ്യാർത്ഥികൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) മലബാർ മേഖലയിൽ പ്ലസ് വൺ സീറ്റുകൾ കുറവാണെന്ന പരാതികൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ പ്രവേശന നടപടികൾ പൂർത്തിയാക്കുമ്പോൾ മിക്ക ജില്ലകളിലും ധാരാളം സീറ്റുകൾ ഒഴിഞ്ഞു കിടക്കാറുണ്ട്. |
| (ബി) ആനുപാതികമായി ഇരുപത് ശതമാനം സീറ്റുകൾ വർദ്ധിപ്പിക്കുവാൻ വിദ്യാഭ്യാസ വകുപ്പ് അനുമതി നൽകിയത് ഒരു ക്ലാസ്സിൽ വിദ്യാർത്ഥികൾ തിങ്ങി ഞെരുങ്ങി ഇരിക്കുന്നതിനും മെച്ചപ്പെട്ട പഠനാന്തരീക്ഷം നഷ്ടപ്പെടുത്തുന്നതിനും ഇടയാക്കിയിട്ടുണ്ടോ; | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) സ്കൂളുകളുടെ ഭൗതിക സാഹചര്യം പരിഗണിക്കാതെയുള്ള സീറ്റുവർദ്ധനവ് അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും ഒരുപോലെ ബുദ്ധിമുട്ടുണ്ടാക്കുമെന്നതിനാൽ ഇതിന് പകരം പുതിയ ബാച്ചുകൾ അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ? | (സി) സർക്കാരിന് അധിക സാമ്പത്തിക ബാധ്യത ഇല്ലാത്ത വിധത്തിൽ കൂടുതൽ വിദ്യാർത്ഥികൾക്ക് താത്പര്യപ്പെടുന്ന സ്കൂളുകളിലേക്ക് പ്രവേശനം സാധ്യമാക്കുന്നതിനാണ് മാർജിനൽ സീറ്റ് വർദ്ധനവ് മുൻ വർഷങ്ങളിലേപ്പോലെ അനുവദിക്കുന്നത്. ഇത് വിദ്യാർത്ഥികൾക്കോ അധ്യാപകർക്കോ ബുദ്ധിമുട്ടായി കരുതാൻ കഴിയില്ല. വിവിധ കോടതിവിധികളുടെ വെളിച്ചത്തിൽ ഹയർ സെക്കന്ററി വിദ്യാഭ്യാസ ആവശ്യകത ശാസ്ത്രീയമായി കണ്ടെത്തിയശേഷം മാത്രമേ പുതിയ ഹയർ സെക്കന്ററി ബാച്ചുകൾ അനുവദിക്കുന്ന വിഷയത്തിൽ നയപരമായ തീരുമാനമെടുക്കാൻ കഴിയുകയുള്ളൂ. |

സെക്ഷൻ ഓഫീസർ.